## പതിനാലാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3038 | 18.10.2016 - ൽ മറുപടിയ്ക്ക് |
|---|---|

### പെട്രോൾ, ഡീസൽ വില്പന നികുതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.അൻവർ സാദത്ത് | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |
| (എ) | 2015-ൽ സംസ്ഥാനത്ത് വില്പന നടത്തിയ പെട്രോൾ, ഡീസൽ എന്നിവയുടെ വില്പന നികുതിയിനത്തിൽ സംസ്ഥാനത്തിന് എന്ത് തുക ലഭിച്ചു; | (എ) | 2015-16 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് വില്പന നടത്തിയ പെട്രോൾ, ഡീസൽ എന്നിവയുടെ വില്പന നികുതിയിനത്തിൽ സംസ്ഥാനത്തിന് ലഭിച്ച തുക ചുവടെ ചേർക്കുന്നു.<br>പെട്രോൾ - 2551.07 കോടി രൂപ<br>ഡീസൽ - 3138.48 കോടി രൂപ |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എണ്ണക്കമ്പനികൾ പെട്രോളിന്റെയും ഡീസലിന്റെയും വില വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എണ്ണക്കമ്പനികൾ പെട്രോളിന്റെ വില 6 തവണയും ഡീസലിന്റെയും വില 4 തവണയും വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത വില വർദ്ധന മൂലം സംസ്ഥാനത്തിന് വില്പന നികുതിയിനത്തിൽ മേയ് 25 മുതൽ സെപ്റ്റംബർ 30 വരെ എത്ര രൂപ ലഭിക്കുകയുണ്ടായി; | (സി) | പ്രസ്തുത വില വർദ്ധന മൂലം സംസ്ഥാനത്തിന് വില്പന നികുതിയിനത്തിൽ മേയ് 25 മുതൽ സെപ്റ്റംബർ 30 വരെ ലഭിച്ച തുക ചുവടെ ചേർക്കുന്നു.<br>പെട്രോൾ - 29.06 കോടി രൂപ<br>ഡീസൽ - 37.18 കോടി രൂപ |
| (ഡി) | ഈ അധികനികുതി വരുമാനം ഉപേക്ഷിച്ച് സംസ്ഥാനത്ത് അനുഭവപ്പെടുന്ന നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധന തടയുവാൻ നടപടി സ്വീകരിയ്ക്കുമോ; | (ഡി) | ഇതു സംബന്ധിച്ച് തീരുമാനമൊന്നും എടുത്തിട്ടില്ല. |

| | | | |
|---|---|---|---|
| (ഇ) | മുൻ സർക്കാരിന്റെ കാലത്ത് പെട്രോളിന്റെയും ഡീസലിന്റെയും വില വർദ്ധിച്ച അവസരത്തിൽ സംസ്ഥാനത്തിന് അതിന്മേൽ ലഭിച്ചിരുന്ന അധിക വില്പന നികുതി ഉപേക്ഷിച്ചിരുന്നോ; എങ്കിൽ അതുമൂലം സംസ്ഥാന ഖജനാവിന് എത്ര കോടി രൂപ നഷ്ടപ്പെട്ടു? | (ഇ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പെട്രോളിന്റെ അടിസ്ഥാന വിലയിൽ 28 തവണ വർദ്ധനവ് നടന്നിട്ടുണ്ട്. ഇതിൽ 4 തവണ റവന്യൂ ന്യൂട്രൽ റേറ്റ് കണ്ടെത്തി നികുതി നിരക്ക് കുറച്ച് ക്രമീകരിച്ചിട്ടുണ്ട്. ഡീസലിന്റെ അടിസ്ഥാന വിലയിൽ 34 തവണ വർദ്ധനനവ് ഉണ്ടായതിൽ 2 തവണ നികുതി നിരക്ക് കുറച്ച് ക്രമീകരിച്ചിട്ടുണ്ട്.<br>2011 മേയ് 14 ന് പെട്രോളിന്റെ വില വർദ്ധിപ്പിച്ചപ്പോൾ അധിക റവന്യൂ വരുമാനമായി പ്രതിമാസം ലഭിക്കുമായിരുന്ന 11 കോടി രൂപയും 2011 സെപ്റ്റംബർ 16, 2011 നവംബർ 3, 2012 മേയ് 24 തീയതികളിൽ വില വർദ്ധിപ്പിച്ചപ്പോൾ പ്രതിമാസം യഥാക്രമം ലഭിക്കുമായിരുന്ന 9.08, 5.10, 22.48 കോടി രൂപയുമാണ് നികുതി നിരക്ക് കുറച്ച് ക്രമീകരിച്ചതുവഴി കഴിഞ്ഞ സർക്കാർ വേണ്ടെന്നുവെച്ചിട്ടുള്ളത്.<br>2011 ജൂൺ 25 നും 2012 സെപ്റ്റംബർ 14 നും ഡീസലിന്റെ വില വർദ്ധിപ്പിച്ചപ്പോൾ പ്രതിമാസം യഥാക്രമം ലഭിക്കുമായിരുന്ന 13.07 കോടി രൂപയും 19.95 കോടി രൂപയുമാണ് ഇപ്രകാരം വേണ്ടെന്നുവെച്ചത്. വില വർദ്ധനനവ് മൂലം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 3176.28 കോടി രൂപ അധിക നികുതി വരുമാനം ലഭിച്ചിട്ടുമുണ്ട്. |

Latheesh

**സെക്ഷൻ ഓഫീസർ**